File No: IGR/20/2020-RR9(2)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം. 695035
ഫോൺ 0471-2472118/2472110/2474782
ഇ-മെയിൽ: regig@kerala.nic.in
www.keralaregistration.gov.in
തീയതി : 02/05/2020

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

**എല്ലാ രജിസ്ട്രേഷൻ ഡി.ഐ.ജി.മാർക്കും,**
**എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും,**
**എല്ലാ സബ് രജിസ്ട്രാർമാർക്കും.**

സർ,

വിഷയം -: രജിസ്ട്രേഷൻ വകുപ്പ് - കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 28C പ്രകാരം കെട്ടിടവില നിർണ്ണയിക്കുന്നത് - സംബന്ധിച്ച്.

പരാമർശം -: G.O.(Rt) No. 274/2020/TAXES, dated - 23.04.2020

2020 ഏപ്രിൽ 1 മുതൽ എഴുതി ഒപ്പിട്ട ആധാരങ്ങൾക്ക്, GO(P) No 73/2016/TD , GO(P) No 80/2016/TD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അധികാരപ്പെടുത്തിയ എഞ്ചിനിയർമാരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 28C പ്രകാരം കെട്ടിടവില നിർണ്ണയിക്കുന്നതിന് രജിസ്റ്ററിംഗ് ഓഫീസർമാരെ അനുവദിച്ച പരാമർശം പ്രകാരം ഉത്തരവായിരിക്കുന്നു. പ്രസ്തുത ഉത്തരവ് അറിവിലേയ്ക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

Signature valid
Digitally signed by P K SAJANKUMAR
Date: 2020.05.02 13:53:29 IST
Reason: Approved

**JOINT INSPECTOR GENERAL**

ഉള്ളടക്കം :- മേൽ പ്രകാരം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്-രജിസ്ട്രേഷൻ -കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 28 സി പ്രകാരം കെട്ടിടങ്ങളുടെ വില ഇനിയൊരു മാർഗ്ഗ നിർദ്ദേശം ഉണ്ടാകുന്നത് വരെ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാല്യുവേറ്റർമാർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരെ അനുവദിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(ജെ) വകുപ്പ്**

G.O.(Rt) No.274/2020/TAXES തീയതി,തിരുവനന്തപുരം, 23/04/2020

---

പരാമർശം:- 1 19/07/2016 ലെ സ.ഉ(പി) നം.73/2016/ടി ഡി നമ്പർ ഉത്തരവ്

2 09/08/2016 ലെ സ.ഉ(പി) നം.80/2016/ടി ഡി നമ്പർ ഉത്തരവ്

3 2020 ലെ കേരള ഫിനാൻസ് ബിൽ

4 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 21/04/2020 ലെയും 22/04/2020 ലെയും IGR / 20 / 2020-RR9 നമ്പർ കത്തുകൾ

**ഉത്തരവ്**

2020 ലെ കേരള ഫിനാൻസ് ബില്ലിലെ വ്യവസ്ഥകൾ 2020 ഏപ്രിൽ 1 മുതൽ നിലവിൽ വന്നതിനാൽ കേരള മുദ്ര പത്ര ആക്ടിലെ വകുപ്പ് 28 സി വ്യവസ്ഥകൾ ബാധകമായ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ടി ആധാരങ്ങളിൽ ഉൾപ്പെട്ടു വരുന്ന കെട്ടിടത്തിന്റെ വില ഇനിയൊരു മാർഗ്ഗ നിർദ്ദേശം ഉണ്ടാകുന്നത് വരെ പരാമർശം (1) , (2) എന്നിവ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള വാല്യുവേറ്റർമാർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരെ അനുവദിച്ചു കൊണ്ട് ഉത്തരവാകണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം ( 4 ) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഒരു ശിപാർശ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കേരള മുദ്ര പത്ര ആക്ടിലെ വകുപ്പ് 28C യിലെ വ്യവസ്ഥകൾ ബാധകമായ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ടി ആധാരങ്ങളിൽ ഉൾപ്പെട്ട് വരുന്ന കെട്ടിടത്തിന്റെ വില ഇനിയൊരു മാർഗ്ഗ നിർദ്ദേശം ഉണ്ടാകുന്നത് വരെ പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള വാല്യുവേറ്റർമാർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്കു അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINGH IAS
ADDITIONAL CHIEF SECRETARY

പകർപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ , തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ(ബിൽഡിംഗ്സ്/റോഡ്സ്), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

ചീഫ് എൻജിനീയർ, ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ